സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം 100 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്ത് 14 ജില്ലകളിലെ 20 ബ്ലോക്കുകളിൽപ്പെട്ട 20 കൃഷി ഭവനുകളിലായി 900 ഹെക്ടർ സ്ഥലത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഒരു പഞ്ചായത്തിലെ 45 ഹെക്ടർ സ്ഥലത്തെ കർഷകരെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ജൈവകൃഷി നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം ഹെക്ടറിനു 10,000 രൂപ ധനസഹായം നല്കുന്നു. കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുകയും അതുവഴി കൂടുതൽ കർഷകരേയും പദ്ധതിയുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥരേയും ബോധവൽക്കരിക്കുകയും, ജൈവകൃഷി സാങ്കേതിക വിദ്യയിൽ അവരെ സുസജ്ജരാക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നടപ്പുസാമ്പത്തിക വർഷം ദേശീയ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി 34.96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനത്തിനായുള്ള പരിശീലനം, ഉദ്യോഗസ്ഥരുടെ പരിശീലനം, കർഷകരുടെ പരിശീലനം എന്നീ പരിപാടികൾക്കായി വിനിയോഗിക്കുന്നു.

(ബി) നബാർഡിന്റെ സഹായത്തോടെ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) ഏകദേശം രണ്ടായിരത്തോളം കർഷകരെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ഡി) നബാർഡ്, ബാങ്കുകൾക്ക് സ്വയം സഹകരണ സംഘങ്ങൾ തുടങ്ങിയവ പദ്ധതിയിൽ പങ്കാളികളായിട്ടില്ല.

(ഇ) നടപ്പുവർഷം സംസ്ഥാന ബഡ്ജറ്റിൽ ജൈവകൃഷിക്കായി വകകൊള്ളിച്ചിട്ടുള്ള 100 ലക്ഷം രൂപ പരിശീലനം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾക്കാണ് വിനിയോഗിക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാർ ദേശീയ ജൈവകൃഷി പദ്ധതിപ്രകാരം അനുവദിച്ച 34.96 ലക്ഷം രൂപ വിവിധ പരിശീലന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നത്. വിവിധ പരിശീലന പരിപാടികൾ, റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിങ് സെന്റർ (ആർ.എ.റ്റി.റ്റി.സി.)/സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് (സമേതി)/ കൃഷി വിജ്ഞാൻ കേന്ദ്ര (കെ.വി.കെ.) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി (കെ.എ.യു)/ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) എന്നീ സ്ഥാപനങ്ങൾ മുഖേന നല്കാനാണ് ഉദ്ദേശിക്കുന്നത്.

നെൽ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുവാൻ നടപടി

12(*282) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മേൽത്തരം നെൽ വിത്തുകൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി വകുപ്പിന്റെ കീഴിൽ എത്ര നെൽവിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) നെൽ വിത്തുകൾ വിതരണം ചെയ്യുന്നതിനുമുമ്പ് വിത്തുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ ;

(ഡി) കൃഷിനാശം സംഭവിക്കുന്ന മേഖലകളിൽ കർഷകർക്ക് സൗജന്യ നിരക്കിൽ നെൽ വിത്തുകൾ വിതരണം ചെയ്യുമോ ;

(ഇ) സംസ്ഥാനത്തിന് അനുയോജ്യമായ മേൽത്തരം നെൽവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) മേൽത്തരം നെൽവിത്തുകൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ലു ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനം നെല്ലിന്റെ ബ്രീഡർ സീഡ് എടുത്ത് ഫാമുകളിൽ കൃഷി ചെയ്ത് കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. മേൽത്തരം നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനായുള്ള മറ്റൊരു പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഫൗണ്ടേഷൻ സീഡ് സൗജന്യമായി നൽകുകയും ഗുണമേന്മയുള്ള വിത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള സഹായവും നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികളിലും സബ്സിഡി നിരക്കിൽ നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 33 നെൽവിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഗുണനിലവാരം പരിശോധിക്കുന്നുണ്ട്.

(ഡി) അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ചാൽ അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെ കരുതൽ ശേഖരം ഉണ്ടാക്കുന്നതിന് "Contingency programme to meet natural calamities " എന്ന പദ്ധതി 2006-07 മുതൽ നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനായി സൗജന്യമായി വിത്ത് വിതരണം നടത്തിവരുന്നു.

(ഇ) സംസ്ഥാനത്തിന് അനുയോജ്യമായ മേൽത്തരം നെൽവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളെ പ്രോൽസാഹിപ്പിക്കുന്നുണ്ട്. അതിനുള്ള നടപടികൾ എടുക്കുന്നത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ല് ഗവേഷണ കേന്ദ്രങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly